HON'BLE MR. T. K. NARAYANA PILLAI : അതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്.

MR. KANNARA GOPALA PANICKER : അങ്ങനെ ഒരു പ്രത്യേക താലൂക്കു് വേണ്ടെന്നു വയ്ക്കാനുള്ള കാരണമറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതേപ്പറ്റി അന്വേഷിച്ചിട്ടില്ല.

MR. KANNARA GOPALA PANICKER : രണ്ടു താലൂക്കുകളിലുമുണ്ടായിരുന്ന പൊതുസ്ഥാപനങ്ങളെല്ലാം ഇപ്പോഴും അവിടെയുണ്ടെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI: അതേപ്പറ്റിയും ഗവണ്മെന്റു് അന്വേഷിച്ചിട്ടില്ല.

Re-establishment of the old Chengannur Taluk.

*270. MR. KANNARA GOPALA PANICKER: Will the Honourable Minister for Land be pleased to state:

(*a*) whether any representation has been submitted to the Honourable Prime Minister by a deputation on 12-11-123 regarding the re-establishment of the old Chengannur taluk and;

(*b*) if the answer to (a) is in the affirmative the action so far taken on the same by the Government?

HON'BLE MR. T. K. NARAYANA PILLAI: (*a*) Yes;

(*b*) The matter will be considered after the constitution is framed and when the delimitation of constituencies is effected.

MR. KANNARA GOPALA PANICKER : അതു സംബന്ധിച്ചു് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : കിട്ടിയിട്ടുണ്ടു്. അതിനെ അടിസ്ഥാനമാക്കിയാണു് ഗവണ്മെൻറിൽനിന്നും ഒരു ഉത്തരവു് കൊടുത്തിട്ടുള്ളതു്.

MR. KANNARA GOPALA PANICKER : ആ ഉത്തരവിനുശേഷം നിവേദനം കിട്ടിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : കിട്ടിയിട്ടുണ്ടു്. എന്നാൽ ആ ഉത്തരവു നിലവിലിരിക്കുന്നിടത്തോളംകാലം അതിനെ അസ്വീകരിക്കുകയേ ചെയ്യാൻ കഴിയുകയുള്ളൂ.

പുഞ്ചക്കൃഷി സ്പെഷ്യലാഫീസർ.

*271. MR. K. SARANGADHARAN (*Ambalapuzha II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ആലപ്പുഴ പുഞ്ചക്കൃഷി സ്പെഷ്യലാഫീസറുടെപേരിൽ ഉണ്ടായിരുന്ന പരാതിയിന്മേൽ ഗവണ്മെൻറു് എന്തു നടപടി നടത്തിയിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : The matter is under investigation.

MR. K. SARANGADHARAN : കഴിഞ്ഞ നിയമസഭയിലും ഈ ചോദ്യം ചോദിച്ചപ്പോഴും ഇതേ മറുപടിതന്നെയാണ് ഗവണ്മെൻറിൽനിന്നും പറഞ്ഞിട്ടുള്ളതെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അറിയാം. അതേ ഉത്തരം തന്നെയാണ് ഇപ്പോഴും പറഞ്ഞിട്ടുള്ളത്.

MR. K. SARANGADHARAN : ആ പുഞ്ചക്കൃഷി സ്പെഷ്യലാഫീസറെ സംബന്ധിച്ച് കൃഷിക്കാരുടെ ഇടയിൽ വലിയ പരാതിയും ശക്തിയായ പ്രതിഷേധവുമുണ്ടെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അക്കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനേകം കൃഷിക്കാർ ചേർന്ന ഒപ്പിട്ടയച്ചിട്ടുള്ള ഒരു മെമ്മോറിയൽ ഇതു സംബന്ധിച്ച് ഗവണ്മെൻറിന് കിട്ടിയിട്ടുണ്ട്. ആ മെമ്മോറിയലിൽ ആ ഉദ്യോഗസ്ഥനെപ്പറ്റി വളരെ ഗൗരവമേറിയ ആരോപണങ്ങളാണ് അടങ്ങിയിട്ടുള്ളത്. അതുകൊണ്ട് അതുസംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് ഗവണ്മെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അന്വേഷണങ്ങൾ പൂർത്തിയാകാത്തതുകൊണ്ടാണ് ഇതുവരെ ഒരു തീരുമാനം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തത്.

MR. K. SARANGADHARAN : അദ്ദേഹത്തെപ്പറ്റി നിയമസഭയിൽ ചോദ്യം ചോദിച്ചു എന്നുള്ളതിൽ കവിഞ്ഞു യാതൊരു കാരണവുമില്ലാതിരിക്കെ എനിക്കു ന്യായമായി കിട്ടേണ്ട വളം തരുന്നതിനെ അദ്ദേഹം നിഷേധിച്ചു എന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അക്കാര്യം ബഹുമാനപ്പെട്ട മെമ്പർതന്നെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

MR. P. T. CHACKO : അദ്ദേഹം പെൻഷൻപറ്റി പിരിഞ്ഞ ഉദ്യോഗസ്ഥനാണോ ?

HON'BLE MR. T. K. NARAYANA PILLAI : അക്കാര്യം മെമ്പർക്കുതന്നെ അറിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly